(സി ആന്റ് ഡി) ആശുപത്രി, ഗൈഡുലൈറ്റുകൾ, കുടിവെള്ളം, റോഡുകൾ എന്നീ പശ്ചാത്തല സൗകര്യങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. 504 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 2.28 കോടി രൂപ അനുവദിച്ചതുകൊണ്ട് പദ്ധതികൾക്ക് തുടക്കമിട്ടുകഴിഞ്ഞു. കൂടുതൽ തുക ലഭിക്കുന്ന മുറയക്ക് പദ്ധതികൾ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതാണ്.

(ഇ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മോശമായിക്കൊണ്ടിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

85 [1064] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നിയോഗിച്ച മീനാകുമാരി കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ

86 [1065] ശ്രീ. തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഇനത്തിലുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശികത്തുക പൂർണ്ണമായും വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധം 10-ൽ ചേർത്തിരിക്കുന്നു.†

† അനുബന്ധം 10

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനു ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

(സി) കുടിശ്ശിക സംബന്ധിച്ച വിവരം അനുബന്ധം 10(A)-ൽ ചേർത്തിരിക്കുന്നു.†

(ഡി) സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ചിന്റെ വിധിയെത്തുടർന്നാണ് മത്സ്യക്കയറ്റുമതിക്കാർ ക്ഷേമനിധി വിഹിതം അടയ്ക്കാതായതും ക്ഷേമനിധി ബോർഡിന്റെ വരുമാനം ഗണ്യമായി കുറഞ്ഞതും. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകിയെങ്കിലും കോടതി അത് അനുവദിച്ചില്ല. കയറ്റുമതിക്കാരിൽ നിന്നുകൂടി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ധനം സമാഹരിക്കുന്ന വിധത്തിൽ പുതിയ നിയമനിർമ്മാണം നടത്തിവരുന്നു. ക്ഷേമനിധി വിഹിതം പൂർണ്ണമായി പിരിഞ്ഞു കിട്ടിയാലേ കുടിശ്ശിക തുക പൂർണ്ണമായും കൊടുത്തു തീർക്കാൻ കഴിയുകയുള്ളൂ.

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെക്കുറിച്ച് പഠനം

87 [1066] ശ്രീ. എ. കെ. മണി:
" എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ അതേപ്പറ്റി പഠനം നടത്തുമോ;

(ഡി) മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കാൻ എന്തെല്ലാം പരിപാടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കാൻ പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളെ ശക്തിപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലുപകരണങ്ങൾ, പ്രവർത്തന മൂലധന വായ്പ, മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം മുതലായവയുടെ വിതരണം, കടലോര മത്സ്യലേലം, മത്സ്യ വിപണനം എന്നിവ ഏറ്റെടുത്ത് നടത്തുന്നതിന് സജ്ജമാക്കുന്നതുവഴി തൊഴിലാളികളുടെ പുറമെ നിന്നുള്ള കടബാദ്ധ്യതകൾ ലഘൂകരിക്കാം എന്ന് ലക്ഷ്യമിടുന്നു. പ്രാഥമിക സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം, കുറഞ്ഞ പലിശനിരക്കിൽ പ്രവർത്തന മൂലധന വായ്പ എന്നിവ ലഭ്യമാക്കിവരുന്നു.

† അനുബന്ധം 10(A)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 86 (1065) കാണുക]

മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന ആനുകൂല്യങ്ങൾ

	പദ്ധതികൾ		ധനസഹായ തുക രൂപ
1.	ഗ്രൂപ്പ് ഇൻഷുറൻസ് അപകട മരണത്തിന്	. . . .	1,00,000
2.	അപകട ചികിത്സാ ധനസഹായം	. . പരമാവധി	2,000
3.	മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം	. .	20,000
4.	വിവാഹ ധനസഹായം	. .	1,500
5.	വാർദ്ധ്യകാല പെൻഷൻ	. . പ്രതിമാസം	120
6.	ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം	. .	600
7.	അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി	. .	500
8.	മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം	. .	5,000
9.	എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് തുടർ വിദ്യാഭ്യാസത്തിന് ധനസഹായം	. .	5,000
10.	കുടുംബ സംവിധാന പദ്ധതി	. .	500
11.	മാരക രോഗ ചികിൽസാ പദ്ധതി പരമാവധി ധനസഹായമായി	. .	50,000
12.	ചെയർമാൻസ് റിലീഫ് ഫണ്ട്	. .	2,500
13.	പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി	. .	750
14.	ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	. .	5,000
15.	മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി	. .	. .
16.	മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി	. .	. .
17.	ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്ക്കാരം	. . 10001+പൊന്നാട	
18.	വിധവാ പെൻഷൻ	. . പ്രതിമാസം	120

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X (a)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 86 (1065) കാണുക]

	പദ്ധതിയുടെ പേര്		ഗുണഭോക്താക്കളുടെ/ അപേക്ഷകരുടെ എണ്ണം	തുക
1.	ഗ്രൂപ്പ് ഇൻഷുറൻസ്	..	216	2,10,00,000
2.	അപകട ചികിൽസാ ധനസഹായം	..	329	2,76,947
3.	മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം	..	14	2,80,000
4.	വിവാഹ ധനസഹായം	..	3044	45,66,000
5.	വാർദ്ധക്യകാല പെൻഷൻ	..	25268 (8/03 മുതൽ 6/04 വരെ)	3,33,53,760
6.	ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം	..	575	3,46,000
7.	അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായം	..	257	1,75,330
8.	മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം	..	328	16,36,000
9.	എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്	..	..	..
10.	മാരകരോഗ ചികിൽസക്ക് ധനസഹായം	..	135	12,00,000
11.	കുടുംബ സംവിധാന പദ്ധതി	..	569	2,89,000
12.	ചെയർമാൻസ് റിലീഫ് ഫണ്ട്	..	17	19,000
13.	പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം	..	533	3,99,750
14.	ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	..	..	..
15.	മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി	..	..	..
16.	മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി	..	..	..
17.	ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്ക്കാരം	..	..	..
18.	വിധവാ പെൻഷൻ	..	2220 (4/04 മുതൽ 6/04 വരെ)	5,32,800
	ആകെ	..	33504	6,40,74,587

LIBRARY ARCHIVES Kerala Legislative Assembly